LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലാ പഞ്ചായത്തിൽ നടന്ന അരിവിതരണത്തിലെ ക്രമക്കേട്

93 [912] ശ്രീ. ഇ. എം. അഗസ്തി:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ:
,, എ. പി. അനിൽകുമാർ:
,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തുവഴി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്ന് വിതരണം ചെയ്ത അരി ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ വ്യാജ ഒപ്പും ഓഫീസ് സീലും ഉപയോഗിച്ച് ആരെങ്കിലും തട്ടിയെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ചെയ്തതാരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പുനലൂർ, തൊടുപുഴ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു പ്രതിയെ ഇതിനകം പുനലൂർ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിലെ സമ്പൂർണ്ണ നികുതി പിരിവ്

94 [914] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷം 100% നികുതി പിരിവ് കൈവരിച്ച എത്ര ഗ്രാമ പഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരം വ്യക്തമാക്കാമോ;

(സി) നികുതി പിരിവ് ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടതെന്ന് വിശദീകരിക്കാമോ;

(ഡി) മുൻകാലങ്ങളിൽ 100% നികുതി പിരിച്ചെടുത്തിരുന്ന ശ്രമങ്ങളിൽ നിന്ന് ഇപ്പോൾ പിന്നോട്ടു പോകാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004 വർഷം 100% നികുതി പിരിവ് കൈവരിച്ച 197 ഗ്രാമ പഞ്ചായത്തുകൾ ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നികുതി പിരിവ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും വിവിധ ആഫീസർമാരുടെ നേതൃത്വത്തിൽ ജില്ലകളിലെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓരോരുത്തർക്കും ചുമതലയുള്ള ജില്ലകളിൽ വച്ച് അവലോകന യോഗങ്ങൾ ചേരുന്നതിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുമായി കൂടിയാലോചിച്ച് ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 100% നികുതി പിരിച്ചെടുത്തിരുന്ന ശ്രമങ്ങളിൽ നിന്ന് പിന്നോട്ടു പോയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

95 [915] ശ്രീ. സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെങ്കിലും പ്രസിഡന്റിനോ ചെയർമാൻമാർക്കോ മെഡിക്കൽ റീഇമ്പേഴ്സ്മെന്റിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാം എന്നും, എത്ര തുകയാണ് നൽകിയതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly